**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1541** | **12/06/2019- ൽ മറുപടിയ്ക്ക്**

## റബ്ബർ കൃഷി ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

**ചോദ്യം**
**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ഉത്തരം**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

(എ) റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുമെന്ന ദേശീയ റബ്ബർ നയത്തിലെ പ്രഖ്യാപനം വിലയിടിവ് മൂലം ബുദ്ധിമുട്ടുന്ന റബ്ബർ കർഷകർക്ക് എത്രമാത്രം ആശ്വാസമാണെന്ന് വെളിപ്പെടുത്തുമോ?

(എ) റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്നതടക്കമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ദേശീയ റബ്ബർ നയം 2019 മാർച്ചിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി. റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നത്, റബ്ബറിൽ നിന്നുള്ള വരുമാനം കാർഷിക വരുമാനമായി പ്രഖ്യാപിക്കുന്നത്,വിള ഇൻഷ്വറൻസ്/താങ്ങുവില പ്രഖ്യാപിക്കുന്നത്, പുതുകൃഷിയ്ക്കും ആവർത്തന കൃഷിയ്ക്കും സാമ്പത്തിക സഹായം നൽകുന്നത്,റബ്ബറൈസ്ഡ് റോഡുകൾ പ്രോത്സാഹിപ്പിക്കുന്നത് , റബ്ബർ ലേല കേന്ദ്രങ്ങൾ ആരംഭിക്കുന്നത്, കർഷകർ ഷീറ്റ് റബ്ബറിൽ നിന്നും ക്രമാനുഗതമായി ബ്ലോക്ക് റബ്ബറിലേയ്ക്ക് മാറുന്നത്, റബ്ബർ കൃഷിയുടെ "പ്രോസസിംഗ് യൂണിറ്റു"കളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പു വരുത്തുന്നത്, മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കർഷക ഫോറങ്ങളുടെ പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നത് തുടങ്ങിയ നിർദ്ദേശ ങ്ങളാണ് റബ്ബർ നയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

സ്വാഭാവിക റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കുന്നതിലൂടെ ദേശീയ തലത്തിലുള്ള കാർഷിക വികസന പദ്ധതികളുടെ എല്ലാ പ്രയോജനവും റബ്ബർ കർഷകർക്ക് നൽകുവാൻ സാധിക്കുന്നതാണ് എന്ന് റബ്ബർ ബോർഡ് അറിയിച്ചിരിക്കുന്നു. വിലയിടിവ് മൂലം ബുദ്ധിമുട്ടുന്ന കർഷകർക്ക് റബ്ബർ നയം നടപ്പിലാക്കിയാൽ അത് തീർത്തും ആശ്വാസകരമാകും എന്ന് കരുതാവുന്നതാണ്.

(ബി) ഇറക്കുമതി ചെയ്യുന്ന റബ്ബറുമായി മത്സരിക്കുവാൻ പ്രാപ്തി നേടുന്നതിന് സംസ്ഥാനത്തെ റബ്ബർ ഉല്പാദനരീതിയിൽ മാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ

(ബി) അന്തർ ദേശീയ വ്യാപാര കരാറുകളുമായി ബന്ധപ്പെട്ടാണ് ഇന്ത്യയിൽ റബ്ബർ ഇറക്കുമതി ചെയ്തു വരുന്നത്. റബ്ബറിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി റബ്ബർ ബോർഡ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. റബ്ബറിന്റെ പുതുകൃഷി, പഴയതോട്ടങ്ങളുടെ പുനരുദ്ധാരണം എന്നിവ റബ്ബർ ബോർഡ് മുൻകൈ എടുത്ത് നടത്തി വരുന്നുണ്ട്. റബ്ബർ ഗവേഷണ കേന്ദ്രം അത്യുത്പാദനശേഷിയുള്ള

എന്തെല്ലാ മാണെന്നറിയിക്കുമോ;

റബ്ബറിനങ്ങൾ വികസിപ്പിക്കുകയും റബ്ബർ ബോർഡ്/റബ്ബർ ബോർഡ് അംഗീകൃത നഴ്സറികളിലൂടെ ഗുണമേന്മയുള്ള തൈകൾ വിതരണം ചെയ്തു വരുന്നുമുണ്ട്. കർഷകരുടെ പങ്കാളിത്തത്തോട് കൂടിയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങളി ലും റബ്ബർ ബോർഡ് ഏർപ്പെട്ടിരിക്കുന്നു. നടീൽ, കറയെടുക്കൽ, സംസ്കരണം, വിപണനം തുടങ്ങിയ വിഷയങ്ങളിൽ യഥാസമയം അറിവുകൾ നൽകുന്നതിന് വിവര വിനിമയ സാങ്കേതിക വിദ്യയും ഓൺലൈൻ സേവനവും ഉപയോഗിക്കുന്നുണ്ട്. കൃഷിച്ചെലവ് പരമാവധി കുറച്ച് കൊണ്ട് കർഷകന്റെ വരുമാനം പരമാവധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ച് കൊണ്ടാണ് റബ്ബർ ബോർഡ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.ഇത് കൂടാതെ റബ്ബർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നാമമാത്ര ചെറുകിട കർഷകർക്ക് റബ്ബർ കൃഷിയുടെ എല്ലാ സാങ്കേതിക വശങ്ങളും ഉൾക്കൊള്ളുന്ന പരിശീലന പരിപാടികളും നടത്തി വരുന്നുണ്ട്. ഷീറ്റ് റബ്ബറിൽ നിന്നും ബ്ലോക്ക് റബ്ബറിലേയ്ക്ക് മാറുന്നത് കർഷകർക്ക് കൃഷിച്ചെലവ് കുറയ്ക്കുന്നതിന് സഹായകരമാകുന്നതാണ്.

(സി) കുടുംബശ്രീ സംവിധാനം വഴി ടാപ്പിംഗ് തൊഴിലാളികളെ പരിശീലിപ്പിച്ച് വിദഗ്ധ തൊഴിലാളികളെ വാർത്തെടുക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) കുടുംബശ്രീ സംവിധാനം വഴി തൊഴിലാളികൾക്ക് ടാപ്പിംഗ് ഉൾപ്പെടെയുള്ള റബ്ബർത്തോട്ടങ്ങളുടെ പരിപാലനമുറകൾ പരിശീലിപ്പിച്ചിട്ടുണ്ട്. 2016-17-ൽ ആണ് ഈ പരിശീലന പദ്ധതി ആരംഭിച്ചത്. റബ്ബർ ബോർഡ് പ്രോത്സാഹിപ്പിച്ചു വരുന്ന "റബ്ബർ ടാപ്പേഴ്സ് ബാങ്കിന്റെ ചട്ടക്കൂടിലാണ് കുടുംബശ്രീ മിഷനുമായി സഹകരിച്ചു കൊണ്ട് പരിശീലന പദ്ധതി നടപ്പിലാക്കിയത് . റബ്ബർ ഉല്പാദന സംഘങ്ങളുമായി യോജിച്ചാണ് ടാപ്പേഴ്സ് ബാങ്ക് പ്രവർത്തിച്ചു വരുന്നത്. കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ട് റബ്ബർ ബോർഡ് 29 തൊഴിൽ സംഘങ്ങളെ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്. 29 സംഘങ്ങളിലായി 439 സ്ത്രീ തൊഴിലാളികൾ പ്രവർത്തിച്ച് വരുന്നുണ്ട്. പരിശീലനം ലഭിച്ച സംഘാംഗങ്ങൾ തങ്ങളുടെ സ്വന്തം തോട്ടങ്ങളിൽ ടാപ്പിംഗ് ചെയ്യുന്നതിനോടൊപ്പം റബ്ബർ ഉല്പാദക സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള കർഷകരുടെ തോട്ടങ്ങളിലും കറയെടുപ്പ് തൊഴിലിൽ ഏർപ്പെട്ടു വരുന്നുണ്ട്.

(ഡി) പുതിയ കരട് റബ്ബർ നയം നടപ്പിലാക്കുമ്പോൾ കമ്പോളത്തിലെ ആവശ്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ റബ്ബർ കൃഷി സമ്പ്രദായത്തിൽ മാറ്റങ്ങൾ

(ഡി) 2019 ദേശീയ റബ്ബർ നയത്തിൽ റബ്ബർ എന്ന വിളയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും വികസനത്തിനും വേണ്ടുന്ന വിവിധ പ്രഖ്യാപനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. പുതുകൃഷിയ്ക്കും റബ്ബർത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനും അത്യുത്പാദന ശേഷിയും കീടരോഗ പ്രതിരോധ ശേഷിയും ചേർന്ന റബ്ബറിനങ്ങൾ ആവശ്യമുണ്ട്. ഇതിനു വേണ്ടിയുള്ള ഗവേഷണങ്ങൾ

വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

റബ്ബർ ബോർഡ് നിർവ്വഹിച്ചു വരുന്നുണ്ട്. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ റബ്ബർ ബോർഡ് നഴ്സറികളിൽ നിന്നും റബ്ബർ ബോർഡ് അംഗീകൃത നഴ്സറികളിൽ നിന്നും വിതരണം ചെയ്തു വരുന്നുണ്ട്. കമ്പോളത്തിന് ആവശ്യമുള്ളത് ഗുണമേന്മയുള്ള റബ്ബർ ഷീറ്റുകൾ/റബ്ബർ ബ്ലോക്കുകളാണ്. നിലവിൽ "നോട്ടം" (വിഷ്വൽ ഗ്രേഡിംഗ്) കൊണ്ടാണ് റബ്ബർ ഷീറ്റുകൾ തരം തിരിക്കുന്നത്. പ്രസ്തുത സംവിധാനത്തിന് മാറ്റം വരുത്തിക്കൊണ്ട് ശാസ്ത്രീയമായ തരംതിരിക്കൽ പ്രക്രിയകൾ (ഓട്ടോമേറ്റഡ്സിസ്റ്റം) കൈക്കൊള്ളുന്നതിലൂടെ ഷീറ്റുകളുടെ ഗുണമേന്മ ഉറപ്പു വരുത്തുവാൻ കഴിയുന്നതാണ്. റബ്ബർ ഷീറ്റുകളുടെ ഗുണമേന്മയും നിലവാരവും ഉറപ്പു വരുത്തുന്നതിനായി ഗ്രൂപ്പ് പ്രോസസിംഗ് സെന്റർ/കമ്മ്യൂണിറ്റി പ്രോസസിംഗ് സെന്റർ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സാധിക്കുന്നതാണ്. ഇത്തരം സെന്ററുകളിൽ ഇതിനാവശ്യമായ എല്ലാവിധ സംവിധാനങ്ങളും (ലാറ്റക്സ് സംസ്കരിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, മലിന ജലം വൃത്തിയാക്കൽ, ബയോഗ്യാസ് തുടങ്ങിയവ) ഏർപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ഷീറ്റ് റബ്ബർ ഉത്പാദനത്തേക്കാൾ ചെലവു കുറവും ഗുണമേന്മ കൂടുതലും ഉള്ളവയാണ് ബ്ലോക്ക് റബ്ബറുകൾ. ഷീറ്റു റബ്ബറിൽ നിന്നും ബ്ലോക്ക് റബ്ബറിലേയ്ക്ക് ക്രമാനുഗതമായ മാറ്റവും റബ്ബർനയം പ്രോത്സാഹിപ്പിക്കുന്നുണ്ട്. രാജ്യാന്തര വിപണിയിൽ "ഇന്ത്യൻ നാച്ചുറൽ റബ്ബർ" എന്ന വാണിജ്യ മുദ്രയോടു കൂടി റബ്ബറിനെ അവതരിപ്പിക്കുവാനും അതിലൂടെ ഇന്ത്യൻ റബ്ബറിന്റെ സ്ഥിരതയാർന്ന ഗുണമേന്മ ലോക വിപണികളിൽ എത്തിക്കുവാനും റബ്ബർ നയം ലക്ഷ്യമിടുന്നുണ്ട്.

ജനിതക മേന്മയുള്ള നടീൽ വസ്തുക്കൾ, റബ്ബർ അധിഷ്ഠിത കൃഷി സമ്പ്രദായങ്ങൾ, കാർഷിക പരിപാലന മുറകൾ, മണ്ണിന്റെ ഉല്പാദന ക്ഷമത നിലനിർത്തൽ, കറയെടുക്കുന്നതിനുള്ള സാങ്കേതിക വിദ്യ, സംസ്കരണ മാർഗ്ഗങ്ങൾ തുടങ്ങിയ പല വിഷയങ്ങളിലും റബ്ബർ ബോർഡ് ഗവേഷണം തുടരുന്നുണ്ട്. ഇത് സംബന്ധിയായ പരിശീലനങ്ങളും റബ്ബർ ബോർഡിന്റെ പരിശീലന കേന്ദ്രം കർഷകർക്ക് നൽകി വരുന്നുണ്ട്.

രാജ്യാന്തര വിപണിയിൽ മത്സരിക്കുന്നതിന് അനുയോജ്യമായ വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ആശയങ്ങൾ റബ്ബർ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**